**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2513** **12-12-2022 - ൽ മറുപടിയ്ക്ക്**

**ശ്മശാനങ്ങൾക്ക് ഡീംഡ് ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയ ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുള്ള നിബന്ധനകൾ നാൽപത് വർഷം പഴക്കമുള്ള ശ്മശാനങ്ങൾക്കും ബാധകമാണോ; വ്യക്തമാക്കുമോ; | (എ) | 1998 - ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത ചട്ടങ്ങളുടെ പ്രാരംഭത്തിൽ നിലവിലുള്ളതും 1998 - ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതുന്നതോ ആയതുമായ ശ്മശാനങ്ങൾ 1998 - ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തതായി കരുതേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. ആയത് പ്രകാരമാണ് ഗ്രാമപഞ്ചായത്തുകൾ ശ്മശാനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത്.<br><br>1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 483 പ്രകാരം ശവം കൈയൊഴിക്കുന്നതിനുള്ള സ്ഥലങ്ങൾ രജിസ്റ്റർ ചെയ്യുകയോ ഉടമസ്ഥനില്ലാത്ത സ്ഥലങ്ങൾ അടച്ചുകളയുകയോ ചെയ്യൽ - ഈ ആക്ടിന്റെ പ്രാരംഭത്തിൽ ശവം മറവു ചെയ്യുകയോ ദഹിപ്പിക്കുകയോ അത് മറ്റ് വിധത്തിൽ കൈയൊഴിക്കുകയോ ചെയ്യുന്നതിന് ഉപയോഗിക്കുന്ന ഏതെങ്കിലും സ്ഥലത്തിന്റെ ഏതൊരു ഉടമസ്ഥനും അല്ലെങ്കിൽ നിയന്ത്രണാധികാരമുള്ള ആളും അങ്ങനെയുള്ള സ്ഥലം മുമ്പു തന്നെ രജിസ്റ്റർ ചെയ്തിട്ടില്ലാത്തിട്ടുത്ത് അപ്രകാരമുള്ള സ്ഥലം രജിസ്റ്റർ ചെയ്ത് കിട്ടുവാനായി മുൻസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (ബി) | അത്തരം ശ്മശാനങ്ങൾക്ക് ഡീംഡ് ലൈസൻസ് നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദീകരിക്കുമോ; | (ബി) | ലൈസൻസിനുള്ള അപേക്ഷയിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാതിരിക്കുമ്പോഴാണ് ലൈസൻസ് ഡീംഡ് ആകുന്നത്. 1998 - ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള |

| | | | |
|---|---|---|---|
| | | | സ്ഥലങ്ങൾ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത ചട്ടങ്ങളുടെ പ്രാരംഭത്തിൽ നിലവിലുള്ളതും 1998 - ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതുന്നതോ ആയതുമായ ശ്മശാനങ്ങൾ 1998 - ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തതായി കരുതേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ചെങ്ങന്നൂർ മണ്ഡലത്തിൽ വെൺമണി ഐ.പി.സി. ശാലോം ചർച്ചിന്റെ ശ്മശാനത്തിന് ഡീംഡ് ലൈസൻസ് നൽകാത്തതിന്റെ കാരണം വിശദീകരിക്കുമോ; | (സി) | ഇന്ത്യൻ പെന്തകോസ്തൽ ചർച്ച് ഓഫ് ഗോഡ്, ചെങ്ങന്നൂർ നൽകിയ സെമിത്തേരി പൂർത്തീകരണ അപേക്ഷ സംബന്ധിച്ച് പരിശോധന നടത്തിയതിൽ വെൺമണി വില്ലേജ്, ബ്ലോക്ക് 15 റീസർവ്വേ നം 222/9-1 നമ്പർ ഭൂമിയിൽ പണിത സെമിത്തേരിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റിന് ഒരു അംഗീകൃത എഞ്ചിനീയർ മുഖാന്തരം അപേക്ഷ നൽകിയിട്ടില്ലാത്തതാണ്.കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 25 (റൂൾ 25) പ്രകാരം ശ്മശാനങ്ങൾ, ശവപറമ്പുകൾ, കല്ലറ എന്നിവ ഗ്രൂപ്പ് I (ഐ) യിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>കെ.പി.ബി.ആർ ചട്ടം 26 (റൂൾ 26) പട്ടിക 4 പ്രകാരം കാറ്റഗറി (ഐ) വിഭാഗത്തിലുള്ള നിർമ്മിതികൾക്ക് മുൻവശം, പിൻവശം, വശങ്ങൾ എന്നിങ്ങനെ 4 വശങ്ങളിലും 7.5 മീറ്റർ ഉറസ്സായ സ്ഥലം ആവശ്യമുണ്ട് . കൂടാതെ കെ.പി.ബി.ആർ ചട്ടം 28 (റൂൾ 28) പട്ടിക 8 എ പ്രകാരം കാറ്റഗറി I (ഐ) കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗത്തിന്റെ ഏറ്റവും ചുരുങ്ങിയ വീതി 7 മീറ്റർ വേണം. മുകളിൽ സൂചിപ്പിച്ച കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ നിബന്ധനകൾ സെമിത്തേരി നിർമ്മാണത്തിൽ പാലിച്ചിട്ടില്ലാത്തതിനാലാണ് സെമിത്തേരിക്ക് ലൈസൻസ് നൽകാത്തത്. |
| (ഡി) | പ്രസ്തുത ശ്മശാനത്തിന് എന്നത്തേക്ക് ലൈസൻസ് നൽകുമെന്ന് വ്യക്തമാക്കുമോ? | (ഡി) | അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2513 | 12/12/2022 ൽ മറുപടിയ്ക്ക്

## ശ്മശാനങ്ങൾക്ക് ഡീംഡ് ലൈസൻസ്

| ചോദ്യം<br>**ശ്രീ.സജി ചെറിയാൻ** | | മറുപടി<br>**എം.ബി.രാജേഷ്**<br>**(തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുതിയ ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുള്ള നിബന്ധനകൾ നാൽപത് വർഷം പഴക്കമുള്ള ശ്മശാനങ്ങൾക്കും ബാധകമാണോ; വ്യക്തമാക്കുമോ; | (എ) | 1998 - ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത ചട്ടങ്ങളുടെ പ്രാരംഭത്തിൽ നിലവിലുള്ളതും 1998 - ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ ) ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതുന്നതോ ആയതുമായ ശ്മശാനങ്ങൾ 1998 - ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തതായി കരുതേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. ആയത് പ്രകാരമാണ് ഗ്രാമപഞ്ചായത്തുകൾ ശ്മശാനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത്.<br>1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 483 പ്രകാരം ശവം കൈയൊഴിക്കുന്നതിനുള്ള സ്ഥലങ്ങൾ രജിസ്റ്റർ ചെയ്യുകയോ ഉടമസ്ഥനില്ലാത്ത സ്ഥലങ്ങൾ അടച്ചുകളയുകയോ ചെയ്യൽ - ഈ ആക്ടിന്റെ പ്രാരംഭത്തിൽ ശവം മറവു ചെയ്യുകയോ ദഹിപ്പിക്കുകയോ അത് മറ്റ് വിധത്തിൽ കൈയൊഴിക്കുകയോ ചെയ്യുന്നതിന് ഉപയോഗിക്കുന്ന ഏതെങ്കിലും സ്ഥലത്തിന്റെ ഏതൊരു ഉടമസ്ഥനും അല്ലെങ്കിൽ നിയന്ത്രണാധികാരമുള്ള ആളും അങ്ങനെയുള്ള സ്ഥലം മുമ്പു തന്നെ രജിസ്റ്റർ ചെയ്തിട്ടില്ലാത്തിടത്ത് അപ്രകാരമുള്ള സ്ഥലം രജിസ്റ്റർ ചെയ്ത് കിട്ടുവാനായി മുൻസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (ബി) | അത്തരം ശ്മശാനങ്ങൾക്ക് ഡീംഡ് ലൈസൻസ് നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദീകരിക്കുമോ? | (ബി) | ലൈസൻസിനുള്ള അപേക്ഷയിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാതിരിക്കുമ്പോഴാണ് ലൈസൻസ് ഡീംഡ് ആകുന്നത്.<br>1998 - ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത |

| | | | |
|---|---|---|---|
| | | | ചട്ടങ്ങളുടെ പ്രാരംഭത്തിൽ നിലവിലുള്ളതും 1998 - ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതുന്നതോ ആയതുമായ ശ്മശാനങ്ങൾ 1998 - ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തതായി കരുതേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ചെങ്ങന്നൂർ മണ്ഡലത്തിൽ വെൺമണി ഐ.പി.സി. ശാലോം ചർച്ചിന്റെ ശ്മശാനത്തിന് ഡീംഡ് ലൈസൻസ് നൽകാത്തതിന്റെ കാരണം വിശദീകരിക്കുമോ; | (സി) | ഇന്ത്യൻ പെന്തകോസ്തൽ ചർച്ച് ഓഫ് ഗോഡ്, ചെങ്ങന്നൂർ നൽകിയ സെമിത്തേരി പൂർത്തീകരണ അപേക്ഷ സംബന്ധിച്ച് പരിശോധന നടത്തിയതിൽ വെൺമണി വില്ലേജ്, ബ്ലോക്ക് 15 റീസർവ്വേ നം 222/9-1 നമ്പർ ഭൂമിയിൽ പണിത സെമിത്തേരിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റിന് ഒരു അംഗീകൃത എഞ്ചിനീയർ മുഖാന്തരം അപേക്ഷ നൽകിയിട്ടില്ലാത്തതാണ്.<br>കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 25 (റൂൾ 25) പ്രകാരം ശ്മശാനങ്ങൾ, ശവപറമ്പുകൾ, കല്ലറ എന്നിവ ഗ്രൂപ്പ് I (ഐ) യിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br>കെ.പി.ബി.ആർ ചട്ടം 26 (റൂൾ 26) പട്ടിക 4 പ്രകാരം കാറ്റഗറി (ഐ) വിഭാഗത്തിലുള്ള നിർമ്മിതികൾക്ക് മുൻവശം, പിൻവശം, വശങ്ങൾ എന്നിങ്ങനെ 4 വശങ്ങളിലും 7.5 മീറ്റർ തുറസ്സായ സ്ഥലം ആവശ്യമുണ്ട് . കൂടാതെ കെ.പി.ബി.ആർ ചട്ടം 28 (റൂൾ 28) പട്ടിക 8 എ പ്രകാരം കാറ്റഗറി I (ഐ) കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗത്തിന്റെ ഏറ്റവും ചുരുങ്ങിയ വീതി 7 മീറ്റർ വേണം. മുകളിൽ സൂചിപ്പിച്ച കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ നിബന്ധനകൾ സെമിത്തേരി നിർമ്മാണത്തിൽ പാലിച്ചിട്ടില്ലാത്തതിനാലാണ് സെമിത്തേരിക്ക് ലൈസൻസ് നൽകാത്തത്. |
| (ഡി) | പ്രസ്തുത ശ്മശാനത്തിന് എന്നത്തേക്ക് ലൈസൻസ് നൽകുമെന്ന് വ്യക്തമാക്കുമോ? | (ഡി) | അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

M B RAJESH
MINISTER